بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 04.12.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 04.12.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നബി(സ) തിരുമേനിയുടെ സത്യപ്രേമിയെ അയച്ചുകൊണ്ട് ഇസ്‌ലാമിന്റെ പുനരുത്ഥാനത്തിന് തുടക്കം കുറിച്ചു. 1400 വർഷത്തിനുശേഷം നവംനവങ്ങളായ വഹ്‌യും ഇൽഹാമും ഇറങ്ങിയ അക്കാലഘട്ടം പ്രാപിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത് നേരിട്ട് അനുഗ്രഹം പ്രാപിക്കുകയും ചെയ്തവർ ഭാഗ്യവാന്മാരാണ്. ഏത് നാശത്തിലേക്കാണോ ലോകം അതിദ്രുതം പാഞ്ഞുകൊണ്ടിരിക്കുന്നത്, അതില്ലാതാകാൻ ജമാഅത്തംഗങ്ങൾ ദുആയിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. ഇതിനു പുറമെ മുൻകരുതൽ എന്ന നിലയിൽ നടപടികൾ സ്വീകരിക്കേണ്ടതിനെ സംബന്ധിച്ച് കഴിഞ്ഞ വർഷങ്ങളിൽ ഞാൻ ജമാഅത്തിനോടു പറഞ്ഞിട്ടുള്ള കാര്യത്തിലേക്കും ശ്രദ്ധിക്കുക.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറഞ്ഞു:

അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നബി(സ) തിരുമേനിയുടെ സത്യപ്രേമിയെ അയച്ചുകൊണ്ട് ഇസ്‌ലാമിന്റെ പുനരുത്ഥാനത്തിന് തുടക്കം കുറിച്ചു. 1400 വർഷത്തിനുശേഷം നവംനവങ്ങളായ വഹ്‌യും ഇൽഹാമും ഇറങ്ങിയ അക്കാലഘട്ടം പ്രാപിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത് നേരിട്ട് അനുഗ്രഹം പ്രാപിക്കുകയും ചെയ്തവർ ഭാഗ്യവാന്മാരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചുറ്റുമിരിക്കുന്ന ആ സ്വഹാബാക്കളെ മനുഷ്യൻ സാങ്കല്പികദൃഷ്ടികൊണ്ട് കാണുകയും അവർക്ക് കിട്ടിയ ഭാഗ്യത്തിൽ അല്ലാഹുവിനെ അവർ സ്തുതിക്കുന്നതും നന്ദികാണിക്കുന്നതും ദർശിക്കുകയും ചെയ്യുമ്പോൾ മനസ്സിന് അത്ഭുതകരമായൊരു അവസ്ഥയാണുണ്ടാകുന്നത്. അല്ലാഹു തന്റെ വാഗ്ദാനങ്ങളിൽ എത്രമാത്രം സത്യവാനാണ്. ആദ്യം വന്നവരുമായി ചേരുന്നവരെ അവസാനം വരുന്നവരിലും സൃഷ്ടിക്കുന്നതാണെന്ന് അവൻ പറഞ്ഞപ്പോൾ, വഹ്‌യുടേയും ഇൽഹാമിന്റേയും നവംനവങ്ങളായ അടയാളങ്ങൾ നബി(സ) തിരുമേനിയുടെ സത്യദാസൻ മുഖേന കാണിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തവരുടെ ഈമാനെ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. അവർ ഓരോ ദിവസവും ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടാകുന്ന പുതിയ വഹ്‌യും ഇൽഹാമും അന്വേഷിച്ചുകൊണ്ടായിരുന്നു രാവിലെ ജീവിതം തുടങ്ങിയിരുന്നത്. സ്വഹാബാക്കളുടെ ഈ അവസ്ഥയെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെ പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഹ്‌യെ സംബന്ധിച്ച് അഹ്മദികളുടെ അവസ്ഥ എന്തായിരുന്നുവെന്നുവെച്ചാൽ, നേരം വെളുത്തുടനെ പ്രേമഭാജനത്തെപോലെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് രാത്രിയിൽ എന്തെങ്കിലും ഇൽഹാമുണ്ടായോ എന്നറിയാൻ അങ്ങോട്ടും ഇങ്ങോട്ടും ഓടുമായിരുന്നു. ഞങ്ങളുടെ അവസ്ഥ എന്താണെന്നുവെച്ചാൽ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിനായി പോകുമ്പോൾ നോട്ടുബുക്ക് മറിച്ചുനോക്കുമായിരുന്നു. അല്ലെങ്കിൽ മസ്ജിദിലെത്തി, ആ മഹാത്മാവിന്റെ അനുഗൃഹീത വായിൽനിന്ന് അത് കേൾക്കുമായിരുന്നു.'

ഈ അഭിരുചിയും അഭിനിവേശവുമായിരുന്നു അവരുടേത്. അത് തങ്ങളുടെ വിശ്വാസത്തെ പോളിഷ് ചെയ്തെടുക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും അതിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് ലഭിച്ചതിന് അല്ലാഹുവിനെ സ്തുതിക്കാനും അവന് നന്ദി കാണിക്കാനുമായിരുന്നു. ചില സന്ദർഭങ്ങളിൽ ഏതെങ്കിലും സ്വഹാബിയുടെ സാന്നിധ്യത്തിൽ ഇൽഹാമുണ്ടാകുകയും, ആ ഭാഗ്യവാനും അല്ലാഹുവിന്റെ വഹ്‌യ് കേൾക്കുകയും ചെയ്യുമായിരുന്നു. ചിലപ്പോൾ കൂടെ ഇരിക്കുന്നവരും അത് കേൾക്കുമായിരുന്നു. അത്തരം ഒരു വ്യക്തിയെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: എനിക്കോർമയുണ്ട് ഒരവസരത്തിൽ ഒരു റുക്കൂഇന് സമാനമായിട്ടുള്ള 'അർറഹാ'എന്ന പദംകൊണ്ട് തുടരുന്ന ഒരു വഹ്‌യ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ഇറങ്ങി. ഹദ്റത്ത് സാഹിബിന് വൃക്കയുടെ വേദനയുണ്ടാകുകയും സയ്യിദ് ഫള്ൽ ശാഹ് സാഹിബ് അദ്ദേഹത്തിന്റെ ശരീരം അമർത്തിക്കൊണ്ടിരിക്കുകയും ചെയ്തപ്പോഴായിരുന്നു ഈ വഹ്‌യ് ഉണ്ടായത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ, അമർത്തിക്കൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് സാഹിബിൽ വഹ്‌യ് ഇറങ്ങി എന്നത് അദ്ദേഹത്തിന് ലഭിച്ച പ്രത്യേക ശ്രേഷ്ഠതയായിരുന്നു. ചിലപ്പോൾ ഉയർന്ന ശബ്ദത്തിൽ വാക്യങ്ങൾ അവിടത്തെ നാവിൽനിന്ന് പുറപ്പെടുംവിധമായിരുന്നു വഹ്‌യുണ്ടായിരുന്നത്.

മിർസാ ഇമാമുദ്ദീൻ സാഹിബ് തുടങ്ങിയവർ ഭിത്തികെട്ടി മാർഗതടസ്സമുണ്ടാക്കിയതിനെ തുടർന്നുണ്ടായ കേസിനെക്കുറിച്ചായിരുന്നു ആ ഇൽഹാം എന്നാണ്. കോടതിയിൽ സമർപ്പിച്ച കടലാസുകളുടെ അടിസ്ഥാനത്തിൽ വിധി എതിരാളികൾക്ക് അനുകൂലമായിരിക്കുമെന്ന് കരുതിയിരുന്നു. കേസ് തള്ളിപ്പോകുമെന്ന് അവർ പറഞ്ഞുപരത്തുകയും ചെയ്തിരുന്നു. പക്ഷേ, എപ്രകാരമാണോ അല്ലാഹു മസീഹ് മൗഊദ്(അ)നെ അറിയിച്ചത് അപ്രകാരംതന്നെ സംഭവിച്ചു. അവസാനസമയത്ത് ഒരു പ്രമാണം കിട്ടിയതിൽനിന്ന് ആ സ്ഥല

ത്തിന് മിർസാ ഇമാമുദ്ദീൻ സാഹിബിനോടൊപ്പം ഹദ്റത്ത് മിർസാ ഗുലാം മുർത്തളാസാഹിബിനും അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവിനും അവകാശമുണ്ടെന്ന് തെളിഞ്ഞു. അങ്ങനെ കോടതി ആ മഹാത്മാവിനു അനുകൂലമായി വിധി പുറപ്പെടുവിക്കുകയും ഭിത്തി പൊളിച്ചുനീക്കാൻ കല്പിക്കുകയും ചെയ്തു. ഈ വഹ്‌യും വലിയ പ്രൗഢി ഉൾക്കൊള്ളുന്നതാണ്.

മിർസാ ഇമാമുദ്ദീൻ സാഹിബ് തുടങ്ങിയവർ ഭിത്തികെട്ടി മാർഗതടസ്സമുണ്ടാക്കിയതിനെ തുടർന്നുണ്ടായ കേസിനെക്കുറിച്ചായിരുന്നു ആ ഇൽഹാം എന്നാണ്. കോടതിയിൽ സമർപ്പിച്ച കടലാസുകളുടെ അടിസ്ഥാനത്തിൽ വിധി എതിരാളികൾക്ക് അനുകൂലമായിരിക്കുമെന്ന് കരുതിയിരുന്നു. കേസ് തള്ളിപ്പോകുമെന്ന് അവർ പറഞ്ഞുപരത്തുകയും ചെയ്തിരുന്നു. പക്ഷേ, എപ്രകാരമാണോ അല്ലാഹു മസീഹ് മൗഊദ്(അ)നെ അറിയിച്ചത് അപ്രകാരംതന്നെ സംഭവിച്ചു. അവസാനസമയത്ത് ഒരു പ്രമാണം കിട്ടിയതിൽനിന്ന് ആ സ്ഥലത്തിന് മിർസാ ഇമാമുദ്ദീൻ സാഹിബിനോടൊപ്പം ഹദ്റത്ത് മിർസാ ഗുലാം മുർത്തളാസാഹിബിനും അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവിനും അവകാശമുണ്ടെന്ന് തെളിഞ്ഞു. അങ്ങനെ കോടതി ആ മഹാത്മാവിനു അനുകൂലമായി വിധി പുറപ്പെടുവിക്കുകയും ഭിത്തി പൊളിച്ചുനീക്കാൻ കല്പിക്കുകയും ചെയ്തു. ഈ വഹ്‌യും വലിയ പ്രൗഢി ഉൾക്കൊള്ളുന്നതാണ്. ഈ വഹ്‌യ് വളരെ പ്രൗഢിയോടെ പുലർന്നു. വിവിധ സ്ഥലങ്ങളിൽ അവിടന്ന് ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്‌ലിസുകളെ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരിടത്ത് പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് നേരിട്ട് കേട്ട ശബ്ദം ഇപ്പോഴും ഞങ്ങളുടെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. പറയുന്നു: "ഞാൻ ചെറുതായിരുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്‌ലിസുകളിലിരിക്കുകയും അവിടന്ന് പറയുന്ന കാര്യങ്ങൾ കേൾക്കുകയും ചെയ്യുക എന്നത് എന്റെ ഏറ്റവും ഇഷ്ടപ്പെട്ട വിഷയമായിരുന്നു." പറയുന്നു: "ഞങ്ങൾ മജ്‌ലിസുകളിൽ എത്രമാത്രം മസ്അലകൾ കേട്ടുവെന്നാൽ, ആ മഹാത്മാവിന്റെ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ആ എല്ലാ കാര്യങ്ങളും ഞങ്ങൾ മുമ്പേ കേട്ടു കഴിഞ്ഞതാണെന്ന് മനസ്സിലാകുന്നു. പകൽ എഴുതുന്നത് വൈകുന്നേരം മജ്‌ലിസിൽ വന്ന് വിവരിക്കുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശീലമായിരുന്നു. അതുകൊണ്ട് അവിടന്ന് പറഞ്ഞ എല്ലാ കാര്യങ്ങളും ഞങ്ങൾക്ക് മനഃപാഠമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇച്ഛയും അവിടത്തെ അധ്യാപനവുമനുസരിച്ചുള്ള ഉദ്ദേശ്യങ്ങളും ഞങ്ങൾ നല്ലവണ്ണം മനസ്സിലാക്കുന്നു."

യഥാർത്ഥ ഈമാനിനെ പ്രതിപാദിച്ചുകൊണ്ട് ഒരിടത്ത് അവിടന്ന് പറയുന്നു: "ഒരു മാതാവിനോട് അവളുടെ കുട്ടിയുടെ സേവനത്തിന് വെറും തെളിവുകൾ നല്കുകയും, നീ സേവനം ചെയ്യുന്നില്ലെങ്കിൽ വീട്ടിലെ വ്യവസ്ഥിതിയെല്ലാം താറുമാറായി പോകുമെന്നും, അങ്ങനെയാകുമെന്നും ഇങ്ങനെയാകുമെന്നുമൊക്കെ പറഞ്ഞാൽ ആ തെളിവുകൾ ഒരു മിനിറ്റു നേരംപോലും അവളിൽ സ്വാധീനം ചെലുത്തുകയില്ല. മാതാവിനെ തെളിവുകൾകൊണ്ട് കുട്ടിയുടെ സേവനത്തിന് നിർബന്ധിക്കാൻ പറ്റില്ല. അവൾ സേവനം ചെയ്യുന്നെങ്കിൽ അവളുടെ മനസ്സിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്നേഹവികാരത്തിന് വിധേയമായിട്ടായിരിക്കും. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു. 'ഈമാനുൽ അജായിസ്' ന് മാത്രമേ മനുഷ്യനെ വഞ്ചനകളിൽനിന്ന് രക്ഷിക്കാൻ കഴിയൂ. (കിഴവികളുടെ വിശ്വാസം എന്നതാണ് അർത്ഥം. കിഴവികൾ വിശ്വസിച്ചുകഴിഞ്ഞാൽ അവർ ഇടവും വലവും നോക്കാതെ അതും ഇതും തിരഞ്ഞു നോക്കാതെ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നു. ആ വിശ്വാസമാണ് ഈമാനുൽ അജായിസ്. വിവ:) ഇല്ലെങ്കിൽ തന്ത്രങ്ങളോടും തെളിവുകളോടും കൂടി പ്രവർത്തിക്കുന്നവർ ഓരോ ചുവടിലും നില്ക്കുകയും, 'ഇന്ന കല്പന നല്കിയിരിക്കുന്നതെന്തിനാണ്, ഇന്ന ജോലി ചെയ്യാൻ പറഞ്ഞതെന്തിനാണ്?' എന്നിങ്ങനെ ചോദിച്ചുകൊണ്ടിരിക്കുകയും ഏതെങ്കിലും സമയങ്ങളിൽ വഞ്ചിതരാകുകയും അവരിലുള്ള ഈമാൻ നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നതാണ്. എന്നാൽ സമ്പൂർണവിശ്വാസി തന്റെ വിശ്വാസത്തിന്റെ അടിത്തറയിടുന്നത് ദർശനജ്ഞാനത്തിലായിരിക്കും. അവർ മറ്റുള്ളവരുടെ തെളിവുകൾ കേൾക്കും, എന്നാൽ അവരുന്നയിക്കുന്ന ആക്ഷേപങ്ങൾ മുഖവിലക്കെടുക്കുകയില്ല. കാരണം അവൻ അല്ലാഹുവിനെ തന്റെ ആത്മീയകണ്ണുകൊണ്ട് കണ്ടു കഴിഞ്ഞിരിക്കുന്നു. പിന്നീട് ആ മഹാത്മാവ് ഹദ്റത്ത് മസീഹ് മൗഊദിന്റെ സ്വഹാബിയായ മുൻശീ അരോഡേഖാൻ സാഹിബ്(റ)ന്റെ ഉദാഹരണം പറഞ്ഞു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: അദ്ദേഹത്തിന്റെ ഫലിതം എനിക്കോർമയുണ്ട്. മുമ്പേയും ഇത് ഞാനൊരിക്കൽ പറഞ്ഞതാണ്. വീണ്ടും പറയുകയാണ്. അരോഡേഖാൻ സാഹിബ് പറഞ്ഞു: 'താങ്കൾ മൗലവി ഥനാവുല്ലാഹ് സാഹിബിന്റെ പ്രസംഗം ഒരു പ്രാവശ്യം കേട്ടാൽ താങ്കൾക്ക് മിർസാ സാഹിബ് സത്യവാനാണോ അല്ലേ എന്ന് മനസ്സിലാകുമെന്ന് എന്നോടു ചിലർ പറഞ്ഞിരുന്നു.' അദ്ദേഹം പറയുന്നു: "ഒരിക്കൽ ഞാൻ മൗലവി ഥനാവുല്ലാ സാഹിബിന്റെ പ്രസംഗം കേട്ടു.' പിന്നീട് ആളുകൾ ഇത്ര തെളിവുകൾ കേട്ടിട്ടും മിർസാഹിബ് സത്യവാനാണെന്നാണോ കരുതുന്നതെന്ന് എന്നോട് ചോദിക്കാൻ തുടങ്ങി. പറയുന്നു: 'ഞാൻ പറഞ്ഞു, മിർസാ സാഹിബിന്റെ മുഖം ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മുഖം കണ്ടതിനുശേഷം മൗലവി ഥനാവുല്ലാഹ് സാഹിബ് രണ്ടുവർഷം എന്റെ മുമ്പിൽ പ്രസംഗിച്ചുകൊണ്ടിരുന്നാലും അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒരു സ്വാധീനവും എന്നിലുണ്ടാകുകയില്ല. ആ മുഖം കള്ളന്റേതാണെന്ന് എനിക്കു പറയാൻ സാധിക്കുകയില്ല. അദ്ദേഹത്തിന്നെതിരിലുള്ള ആക്ഷേപങ്ങൾക്കു എനിക്കു മറുപടി പറയാൻ കഴിഞ്ഞില്ലെങ്കിൽത്തന്നെയും മിർസാ സാഹിബ് സത്യവാദിതന്നെയാണെന്ന് ഞാൻ പറയുന്നതാണ്. ചുരുക്കത്തിൽ യുക്തിജ്ഞാനം മനസ്സിലാകുക എന്നത് ഒരു സമ്പൂർണ മുഅ്മിന് നിർബന്ധമല്ല. കാരണം അവന്റെ ഈമാൻ ബുദ്ധിയുടെ അടിസ്ഥാനത്തിലുള്ളതല്ല. മറിച്ച് നേരിൽ കണ്ട ദൃഢജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്.

മുൻശീ അരോഡേഖാൻ സാഹിബിന്റെ സംഭവമാണിത്. ഇതിന്റെ അടിസ്ഥാനത്തിലും അല്ലാഹുവിനെ നമ്മുടെ ആത്മീയകണ്ണുകൊണ്ട് കാണാൻ ശ്രമിക്കേണ്ടതാണെന്ന കാര്യം മുമ്പിൽ കൊണ്ടുവരേണ്ടതാണ്. ഇത് സാധ്യമാകുന്നത് അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിപ്പിക്കുമ്പോഴാണ്. ഇപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ലുള്ള വിശ്വാസവും യാഥാർഥ്യമാകുന്നത് അല്ലാഹു അദ്ദേഹത്തെ ഇക്കാലത്ത് ലോകത്തിന്റെ പരിഷ്കരണത്തിന് അയച്ചിരിക്കുന്നുവെന്നും ഇത് കാലത്തിന്റെ ആവശ്യമാണെന്നുമുള്ള കാര്യത്തിൽ അടയുറച്ചു നില്ക്കുമ്പോഴാണ്. ഇക്കാലത്ത് ഒരു പരിഷ്കർത്താവ് വരേണ്ടതാണെന്നും, മസീഹ് മൗഊദ് വരേണ്ടതാണെന്നും കാലം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകത്തിന്റെ അവസ്ഥതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവാണ്. ഇതിനു പുറമെ മറ്റൊരു തെളിവിന്റേയും ആവശ്യമില്ല. കാരണം ഈ തകർന്നടിഞ്ഞ കാലത്തെക്കുറിച്ച് നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. അതിനാൽ അല്ലാഹുവുമായി ബന്ധമുണ്ടെങ്കിൽ അവനോടുള്ള ഭയവുമുണ്ടാകുന്നതാണ്. പിന്നീട് അധികമധികമായുള്ള അമാനുഷിക പ്രവർത്തികളുടെ ആവശ്യം വരുന്നില്ല. തെളിവുകളുടെ ആവശ്യവും വരുന്നില്ല. മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതങ്ങൾ ചോദിക്കേണ്ട ആവശ്യവും വരുന്നില്ല. കാലത്തിന്റെ ആവശ്യകതയും അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ആ മഹാത്മാവിന്റെ സത്യത്തിനുള്ള തെളിവാണ്. അതുകൊണ്ട് നമ്മൾ എപ്പോഴും ഇതിനെ ഓർമവെക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഈമാനിനെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതാണ്. ഈ കാലത്തിന്റെ ആവശ്യം മനസ്സിലാക്കാൻ അല്ലാഹു മറ്റു മുസ്ലീംകൾക്കും തൗഫീഖ് നല്കുമാറാകട്ടെ. അവരും കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നവരാകട്ടെ.

ഹദ്റത്ത് മുൻശീ അരോഡേഖാൻ സാഹിബിന്റെ ആത്മാർഥതയെ പ്രതിപാദിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: മാസത്തിൽ ഒരുപ്രാവശ്യം തീർച്ചയായും ഖാദിയാനിൽ വരുമായിരുന്നു. കാരണം ആഴ്ചയുടെ കുറച്ചു സമയം കൂടി കിട്ടിയില്ലെങ്കിൽ ഒരു ലീവ് പ്രയോജനപ്പെടുത്താൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം ഖാദിയാനിൽ പോകേണ്ട അവസരത്തിൽ അവരുടെ ഓഫീസർ, ഓഫീസിലുള്ളവരോട് 'ഇന്ന് പെട്ടെന്ന് ജോലി അവസാനിപ്പിക്കേണ്ടതാണ് കാരണം മുൻശീജീയ്ക്ക് ഖാദിയാനിൽ പോകണമെന്ന്'വിളിച്ചു പറയുമായിരുന്നു. ഇനി അദ്ദേഹത്തിന് പോകാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അദ്ദേഹത്തിന്റെ മനസ്സിൽനിന്ന് പുറപ്പെടുന്ന നിശ്വാസം തന്നെ നശിപ്പിച്ചു കളയുന്നതാണെന്നും പറയുമായിരുന്നു. ഇപ്രകാരം എപ്പോഴും അദ്ദേഹത്തെ കൃത്യസമയത്ത് യാത്ര അയക്കുമായിരുന്നു. ഓഫീസർ ഹിന്ദുവായിരുന്നെങ്കിലും അരോഡേ ഖാൻ സാഹിബിന്റെ നന്മയും ദൈവഭക്തിയും ദുആ സ്വീകാര്യതയും അദ്ദേഹത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിരുന്നുവെന്നാൽ അദ്ദേഹം സ്വയം അരോഡേഖാൻ സാഹിബിന് ഖാദിയാനിൽ പോകാനുള്ള സമയം കണ്ടെത്തുമായിരുന്നു. അദ്ദേഹം പറയുമായിരുന്നു, 'ഇദ്ദേഹത്തിന് ഖാദിയാനിൽപോകാൻ കഴിയാതെ വന്നാൽ ഇദ്ദേഹത്തിന്റെ നെടുവീർപ്പ് എന്നെ നശിപ്പിക്കുന്നതാണ്.'

ആ പുണ്യാത്മാക്കളുടെ മറ്റുള്ളവരുടെ മേലുള്ള സ്വാധീനമായിരുന്നു ഇത്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖകമലം കണ്ടിരുന്നു. ആത്മാർഥതയിലും ഉയർന്നവരായിരുന്നു. അല്ലാഹുവിനോടു അവർക്കൊരു ബന്ധമുണ്ടായിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'മനുഷ്യനെങ്ങനെയാണോ അല്ലാഹുവുമായിട്ട് ഇടപാടുകൾ നടത്തുന്നത് അതുപോലെതന്നെയാണ് അല്ലാഹു അവനോടു പെരുമാറുന്നതും. ഏതൊരുരീതിയിൽ മനുഷ്യൻ തന്റെ മനസ്സിനെ അവനുവേണ്ടി ഉരുക്കുന്നുവോ അതേരീതിയിൽ എല്ലാഹു അവനോടു പെരുമാറുന്നു. ലോകം അവരെ മർദിക്കുന്നു. ചീത്തവിളിക്കുന്നു. അവരെ അടിച്ചമർത്താൻ ശ്രമിക്കുന്നു. എന്നാൽ, അവർ അടിച്ചമർത്തപ്പെട്ടതിനുശേഷം ഓരോ പ്രാവശ്യവും റബർപന്തുപോലെ മുകളിലേക്കുയരുന്നു. അത്തരം മുഅ്മിനീംകളെ എല്ലാത്തരം തടസ്സങ്ങളുണ്ടായിട്ടും അല്ലാഹു വളർത്തുന്നു. അതാണ് യഥാർഥ ജമാഅത്ത്. അത് പുരോഗതി പ്രാപിക്കുന്നു. അത്തരം ഈമാൻ ഉണ്ടാക്കേണ്ടതാണ്. അതിനാൽ നിങ്ങളുടെ മനസ്സിനെ അങ്ങനെയാക്കിത്തീർക്കുക. ജമാഅത്തിനുവേണ്ടി മാത്രം സ്നേഹമുണ്ടാക്കുക. എന്നിട്ട് നോക്കുക, എങ്ങനെയാണ് അല്ലാഹു നിങ്ങളെ വർധിപ്പിക്കുന്നതെന്ന്. അല്ലാഹുവിന്റേതായിത്തീരുന്നവർക്ക് ഭിക്ഷ യാചിക്കേണ്ടി വരുകയില്ല. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഇതിന്റെ അർഥം ദുആ ചെയ്യുന്നതേയല്ല എന്നല്ല. മറിച്ച് ഇടയ്ക്കിടെ സമ്പൂർണ മുഅ്മിനീംകളിൽ അത്തരം അവസ്ഥകൾ വരുന്നു. അങ്ങനെ വരുമ്പോൾ അവർ തങ്ങൾ ചോദിക്കുന്നേയില്ലെന്ന് പറയുന്നു. ദുആ ചെയ്യാൻ അല്ലാഹു സ്വയം കല്പിച്ചിട്ടുള്ളതാണ്. അതായത് ചോദിച്ചുകൊള്ളുക എന്ന്! എന്നാൽ, ചിലപ്പോൾ ചില അവസ്ഥകൾ ഉണ്ടാകാറുണ്ട്. ചിലർ ഈ ബന്ധം കാരണത്താൽ അല്ലാഹു സ്വയം തങ്ങളുടെ ആവശ്യം പൂർത്തിയാക്കും എന്നു പറഞ്ഞ് അവനോട് അഭിമാനം കാണിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഈ പദവി അങ്ങനെയങ്ങ് ലഭിക്കുന്നതല്ല. സ്വന്തം മനസ്സുകളിൽ സ്നേഹമുണ്ടാക്കാതെയും നമസ്കാരങ്ങളിൽ ഭക്തിനമ്രാദി കാര്യങ്ങൾ ഉണ്ടാക്കാതെയും ദാനധർമങ്ങളിലും ചന്ദകളിലും അശ്രദ്ധ കാണിച്ച് കളവും ചതിയും പ്രവർത്തിച്ചാലും നിങ്ങൾ അല്ലാഹുവിന്റെ പ്രത്യേക ഫള്ലിന്റെ അനന്തരാവകാശിയാകുമെന്ന് വിചാരിക്കരുത്. അതൊരിക്കലുമുണ്ടാകുകയില്ല.

അല്ലാഹുവുമായിട്ടുള്ള ബന്ധം എങ്ങനെയൊക്കെയുള്ള അടയാളങ്ങളാണ് കാണിക്കുന്നത്. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് കേട്ടിട്ടുണ്ട്, ഒരിക്കൽ ഹാറൂൺ റശീദിന്റെ കാലഘട്ടത്തിലാണെന്ന് തോന്നുന്നു, അഹ്ലെ ബയ്ത്തിൽപ്പെട്ട ഒരു പുണ്യാത്മാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് മൂസാ രിളാ എന്നായിരുന്നു. അദ്ദേഹം മുഖേന കുഴപ്പമുണ്ടാകുമെന്ന നിഗമനത്തിൽ അദ്ദേഹത്തെ രാജാവ് ജയിലിൽ ഇട്ടു. ഒരിക്കൽ അർധരാത്രി നേരത്ത് ഒരു പട്ടാളക്കാരൻ മോചന കല്പനയുമായി അദ്ദേഹത്തിന്റെ അടുത്തെ

ത്തി. ഇത്രപെട്ടെന്ന് തന്റെ മോചനം എങ്ങനെ ഉണ്ടായി എന്നോർത്ത് അദ്ദേഹം അത്ഭുതപ്പെട്ടു. അദ്ദേഹം രാജാവിനെ കണ്ടപ്പോൾ ചോദിച്ചു. എന്തുകാരണത്താലാണ് അങ്ങ് പെട്ടെന്ന് എന്നെ മോചിപ്പിച്ചത്. രാജാവ് പറഞ്ഞു, കാരണമിതാണ്. ഞാൻ ഉറങ്ങുകയായിരുന്നു. അപ്പോൾ ആരോ വന്ന് എന്നെ ഉണർത്തിയതായി ഞാൻ സ്വപ്നം കണ്ടു. സ്വപ്നത്തിൽത്തന്നെ എന്റെ കണ്ണുകൾ തുറന്നു. അങ്ങ് ആരാണെന്ന് ഞാൻ ചോദിച്ചു. അത് നബി(സ)തിരുമേനിയാണെന്ന് എനിക്ക് മനസ്സിലായി. ഞാൻ ചോദിച്ചു. എന്താണ് കല്പന! നബി(സ)തിരുമേനി പറഞ്ഞു, ഹാറൂൺ റശീദേ! നീ സുഖമായി ഉറങ്ങുന്നു. എന്റെ മകൻ ജയിലിലാണ്. ഇതെന്താ കാര്യം? ഇതുകേട്ട് എനിക്ക് ഭയമുണ്ടായി. അപ്പോൾത്തന്നെ അങ്ങയെ മോചിപ്പിച്ചുകൊണ്ടുള്ള കല്പന അയച്ചതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതിനുശേഷം വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ മുൻശീ അരോഡേഖാൻ സാഹിബിനെക്കുറിച്ച് പറയുന്നു. അദ്ദേഹം വെള്ളിയാഴ്ച അല്ലെങ്കിൽ ഞായറാഴ്ച ഖാദിയാനിലെത്താൻ ശ്രമിക്കുമായിരുന്നു. ഇതദ്ദേഹത്തിന്റെ ശീലമായിരുന്നു. എപ്പോൾ അവധികിട്ടിയാലും അദ്ദേഹം അവിടെ വരാറുണ്ടായിരുന്നു. മാസത്തിലൊരു തവണ എന്തായാലും വരും. ഇതു മുമ്പേ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. വാഹനത്തിലും നടന്നുമാണ് വരിക. നടക്കുന്നത് കുറച്ചു തുക ലാഭിക്കുന്നതിനും അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുസന്നിധിയിൽ സമർപ്പിക്കുന്നതിനും വേണ്ടിയായിരുന്നു അത്. അദ്ദേഹത്തിന് ശംബളം വളരെ കുറവായിരുന്നു. 15, 20 രൂപയായിരുന്നു ശംബളം. അതിൽനിന്ന് അദ്ദേഹം തന്റെ ജീവിതച്ചെലവ് മാത്രമെടുത്ത് എന്നല്ല യാത്രചെലവും മാറ്റിവെക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുസന്നിധിയിൽ കാണിക്ക സമർപിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: അദ്ദേഹം ഒരേയൊരു കോട്ടാണ് എപ്പോഴും ധരിക്കാറുണ്ടായിരുന്നത്. വേറൊന്ന് ധരിച്ച് ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. അദ്ദേഹം മുണ്ടുടുക്കുകയും നിസാരമായ ജുബ്ബ ധരിക്കാറുമാണ് പതിവ്. കുറച്ചു തുക എങ്ങനെയെങ്കിലും സ്വരുക്കൂട്ടുകയും അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുസന്നിധിയിൽ സമർപക്കുകയും ചെയ്യണമെന്ന ഒരേയൊരു ചിന്തമാത്രമായിരുന്നു അദ്ദേഹത്തിന്. തന്റെ വിശ്വസ്തത കാരണത്താൽ അദ്ദേഹം അതിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹം തഹ്സീൽദാറുമായിരുന്നു.

അദ്ദേഹത്തിന്റെ പ്രസിദ്ധമായ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ചിരിക്കുന്നു. 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അദ്ദേഹം ഒരു ദിവസം വന്നു. എന്നെ വെളിയിൽവിളിച്ച് പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, എന്താണ് കാര്യമെന്ന് എനിക്കു മനസ്സിലായില്ല. പിന്നീട് അദ്ദേഹം മൂന്നോ നാലോ സ്വർണത്തിന്റെ അശ്റഫികൾ പുറത്തെടുത്തു. എന്നിട്ടു പറഞ്ഞു, ഇതു ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കൊടുക്കാൻ ആഗ്രഹിച്ചിരുന്നതാണ്, പക്ഷേ, തൗഫീഖ് കിട്ടിയില്ല. എനിക്ക് തൗഫീഖ് കിട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ലോകത്തില്ല. എന്നിട്ട് വീണ്ടും ഏങ്ങലടിച്ചു കരയാൻ തുടങ്ങി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഇതാണ് സ്നേഹം. ദുൻയാവിലെ ഈ അനുഗ്രഹങ്ങൾ യഥാർഥമാകുകയും യഥാർഥത്തിൽ നമുക്ക് അതിൽനിന്ന് എന്തെങ്കിലും സുഖം കിട്ടുകയും ചെയ്യണമെങ്കിൽ എന്നു പറഞ്ഞുകൊണ്ട് ആ സംഭവം വിവരിക്കുന്നു. അതായത് ലോകത്ത് ധാരാളം അനുഗ്രഹങ്ങളുണ്ട്. നമുക്ക് യഥാർഥ ആനന്ദം കിട്ടണമെങ്കിൽ ഒരു മുഅ്മിന്റെ മനസ്സ് അത് ഉപയോഗിക്കുമ്പോൾ തീർച്ചയായും ദുഖിക്കുന്നതാണ്. ഈ നിഅ്മത്തുകൾ ഇത്രമാത്രം അർഹമായിരുന്നെങ്കിൽ അത് കിട്ടേണ്ടിയിരുന്നത് നബി(സ)തിരുമേനിക്കായിരുന്നല്ലോ? ഹദ്റത്ത് ആയിശ(റ)യുടെ ഒരു സംഭവം ചരിത്രത്തിൽ കാണാം. നല്ല വണ്ണം മിനുസമായ മാവു കൊണ്ടുണ്ടാക്കിയ റൊട്ടി ഒരിക്കൽ ഹദ്റത്ത് ആയിശ(റ)യ്ക്ക് ആരോ കൊടുത്തുവിട്ടു. അതുകണ്ടപ്പോൾ ഹദ്റത്ത് ആയിശാ(റ)യുടെ കണ്ണുകളിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകി. കാരണം നബി(സ)തിരുമേനിയുടെ കാലത്ത് ഒരിക്കലും അത്തരം മിനുസമുള്ള മാവുകൊണ്ടുണ്ടാക്കിയ റൊട്ടി ലഭിച്ചിരുന്നില്ല. പരുപരുത്തതും കട്ടിയുള്ളതുമായ മാവുകൊണ്ടുണ്ടാക്കിയ റൊട്ടിയാണ് കിട്ടിയിരുന്നത്.

ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് തനിക്കുള്ള സ്നേഹത്തെ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇക്കാര്യങ്ങൾ പറഞ്ഞതിനുശേഷം ഒരു സംഭവം എഴുതുന്നു: "ഈ നിഅ്മത്തുകൾ പോരുന്നതായിരുന്നെങ്കിൽ നബി(സ)തിരുമേനിക്ക് അതു കിട്ടുമായിരുന്നു. പിന്നീട് ആ മഹാത്മാവിന്റെ പ്രതിബിംബമായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അതു കിട്ടണമായിരുന്നു." പറയുന്നു, ഞാൻ ചെറുതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്ത് ഒരിക്കൽ വേട്ടയാടണമെന്ന ആഗ്രഹം എനിക്കുണ്ടായി. ഒരു തോക്ക് (എയർഗൺ)എന്റെ കൈയിലുണ്ടായിരുന്നു. അതുകൊണ്ടു ഞാൻ വേട്ടയാടി വീട്ടിൽ കൊണ്ടുവരുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ കുറച്ചേ ഭക്ഷണം കഴിക്കാറുണ്ടായിരുന്നുള്ളു. ബുദ്ധിപരമായ ജോലി ആ മഹാത്മാവിന് കൂടുതൽ ചെയ്യണമായിരുന്നു. വേട്ട മൃഗത്തിന്റെ മാംസം ബുദ്ധിപരമായ ജോലി ചെയ്യുന്നവർക്ക് ഫലപ്രദമാണെന്ന് ഞാൻ ആ മഹാത്മാവിൽ നിന്നോ ഏതോ വൈദ്യനിൽനിന്നോ കേട്ടിരുന്നു. അതുകൊണ്ടു ഞാൻ എപ്പോഴും ഇരയെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് കൊണ്ടു കൊടുക്കുമായിരുന്നു. അക്കാലത്ത് ഞാൻ വേട്ടമൃഗത്തിന്റെ മാംസം എനിക്കുവേണ്ടി പാകംചെയ്യിച്ചത് എനിക്കോർമയില്ല. എപ്പോഴും വേട്ടയാടിക്കിട്ടുന്ന മൃഗത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കൊടുക്കുമായിരുന്നു. മനുഷ്യന് തന്റെ പ്രേമഭാജനത്തോടു പൂർണമായ സ്നേഹമുണ്ടാകുമ്പോൾ പിന്നീട് ഒരു വസ്തുവും അവന് റാഹത്തായി തോന്നുകയില്ല. ഇനി റാഹത്തായി തോന്നുകയാണെങ്കിൽത്തന്നെ അത് ആ പ്രേമഭാജനത്തിന് അവകാശപ്പെട്ടതാണെന്ന് പറയുകയും ചെയ്യും.

ഹുക്ക വലിക്കുന്ന ശീലമുള്ള ഒരാളുടെ സംഭവം വിവരിച്ച ശേഷം ഹുദൂർ വിവരിക്കുന്നു. ഒരു ലഹരി ഉപയോഗിക്കുന്ന കാരണത്താൽ ദീനീപരമായ കാര്യങ്ങൾ പഠിക്കുന്നതിൽ

നിന്ന് അയാൾ തടയപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുഹ്ബത്തിൽനിന്ന് അനുഗ്രഹമെടുക്കുന്നതിൽനിന്ന് തടയപ്പെട്ടു. ലഹരി പദാർഥങ്ങൾ ഉപയോഗിക്കുന്ന എല്ലാവർക്കും ഇതിൽ ഒരു പാഠമുണ്ട്.

ഇനി ഞാൻ ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥകളെ സംബന്ധിച്ച് ഹ്രസ്വമായി പറയാനാഗ്രഹിക്കുകയാണ്. ഏത് നാശത്തിലേക്കാണ് ലോകം അതിദ്രുതം പാഞ്ഞുകൊണ്ടിരിക്കുന്നതെന്ന്. അതില്ലാതാകാൻ ജമാഅത്തംഗങ്ങൾ ദുആയിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. ഇറാഖിലും സിറിയയിലുമുള്ള നാമമാത്ര ഇസ്‌ലാമിക ഭരണകൂടങ്ങൾക്കെതിരെ ഇപ്പോൾ പാശ്ചാത്യഭരണകൂടങ്ങൾ ഫ്രാൻസിലെ അക്രമപരമായ സംഭവത്തിനുശേഷം കടുത്ത നടപടി സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വ്യോമാക്രമണങ്ങൾ നടത്താൻ പദ്ധതിയിട്ടിരിക്കുന്നു. എന്നല്ല, അതാരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. അഥവാ ഈ ഭരണകൂടങ്ങൾക്ക് ആക്രമണം നടത്തണമെങ്കിൽ ഈ അക്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവരുടെ മേൽ നടത്തിക്കൊള്ളട്ടെ. ഈ ആക്രമണങ്ങളിൽനിന്ന് അല്ലാഹു നിരപരാധികളേയും പൊതുജനങ്ങളേയും സുരക്ഷിതമായി വെക്കുമാറാകട്ടെ. ശാം തുടങ്ങിയ സ്ഥലങ്ങളിൽ വസിക്കുന്നവരിൽ മിക്കവരും ഒരു ആട്ടുകല്ലിൽ അരഞ്ഞുകൊണ്ടിരിക്കുകയാണ്. രക്ഷപ്പെടാൻ അതിലേയും വഴിയില്ല, ഇതിലേയും വഴിയില്ല. അയൽ മുസ്‌ലിം രാഷ്ട്രങ്ങളും ഈ ഫിത്ന അവസാനിപ്പിക്കുന്നതിൽ ഗൗരവമുള്ളവരല്ല. അയൽരാജ്യങ്ങളെല്ലാം ചേർന്ന് അവിടെത്തെ ഭരണകൂടങ്ങളെ സഹായിച്ച് ഈ കുഴപ്പം അവസാനിപ്പിക്കുകയായിരുന്നു വേണ്ടിയിരുന്നത്. ദൗർഭാഗ്യവശാൽ മുസ്‌ലിം രാജ്യങ്ങളിലെ ഭരണകൂടങ്ങളും അവരവരുടെ രാജ്യങ്ങളിൽ അനീതിയോടും അക്രമത്തോടും കൂടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒരു മഹായുദ്ധത്തിനുള്ള സങ്കീർണമായ അവസ്ഥകൾ ഉണ്ടായിക്കഴിഞ്ഞിട്ടുള്ളതുപോലെയാണ് സ്ഥിതി. ചെറിയതോതിലാണെങ്കിലും എന്നല്ല നമ്മൾ പറയേണ്ടത് മഹായുദ്ധം തുടങ്ങിക്കഴിഞ്ഞിരിക്കുന്നുവെന്നാണ്. അപഗ്രഥനംചെയ്യുന്ന ഇവിടെത്തെ ഒരുപാടാളുകൾ മഹായുദ്ധം തുടങ്ങിക്കഴിഞ്ഞുവെന്ന് അംഗീകരിക്കാനും എഴുതാനും തുടങ്ങിയിരിക്കുന്നു. ഇക്കാര്യത്തിലേക്ക് ഞാൻ കഴിഞ്ഞ ഒരുപാട് വർഷമായി ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ ഇവർ സ്വയം അത്തരംകാര്യങ്ങൾ പറയാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ, ഇപ്പോഴും നീതിപൂർവം പ്രവർത്തിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകുകയില്ലെന്നാണ് തോന്നുന്നത്. വൻശക്തികൾക്കും മുസ്‌ലിം രാഷ്ട്രങ്ങൾക്കും ഇതിലേക്ക് ശ്രദ്ധ ഉണ്ടാകുകയില്ല. നാമമാത്ര മുസ്‌ലിം ഭരണകൂടത്തിന്നെതിരെ എല്ലാവരും ചേർന്ന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് ബാഹ്യത്തിൽ തോന്നുന്നത്. ഇതിനെ ഉന്മൂലനം ചെയ്യുകയോ ഉന്മൂലനം ചെയ്യാൻ സാധിക്കുകയോ ചെയ്താൽ സമാധാനം ഉണ്ടാകുമെന്ന് കരുതുന്നു. പക്ഷേ, ചില അവസ്ഥകൾ സൂചിപ്പിക്കുന്നത് ഈ കുഴപ്പം അവസാനിച്ചാൽതന്നെയും അവസ്ഥകൾ നന്നാകുകയില്ലെന്നാണ്. മറിച്ച് അതിനുശേഷം വൻശക്തികൾ തമ്മിലുള്ള വടംവലി തുടങ്ങും. വിദൂരമല്ലാത്ത ഭാവിയിൽ യുദ്ധം തുടങ്ങുകയും ചെയ്യും. കാരണം റഷ്യയും മറ്റു പാശ്ചാത്യൻ ശക്തികളും തമ്മിലുള്ള വൈരാഗ്യം വർധിച്ചുകൊണ്ടു പോകുകയാണ്. അപ്പോൾ മരിക്കുന്നതിലധികവും പൊതുജനമായിരിക്കും. കഴിഞ്ഞ യുദ്ധങ്ങളിലും നമ്മൾ കണ്ടത് ഇതുതന്നെയാണ്. സാധാരണക്കാർതന്നെയാണ് മരിക്കാറുള്ളത്. നിരപരാധികളാണ് മരിക്കാറുള്ളത്. അതുകൊണ്ട് ഒരുപാട് ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. അല്ലാഹു ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ഇതിനു പുറമെ മുൻകരുതൽ എന്ന നിലയിൽ നടപടികൾ സ്വീകരിക്കേണ്ടതിനെ സംബന്ധിച്ച് കഴിഞ്ഞ വർഷങ്ങളിൽ ഞാൻ ജമാഅത്തിനോടു പറഞ്ഞിട്ടുള്ള കാര്യത്തിലേക്കും ശ്രദ്ധിക്കുക. ഹ്രസ്വമായി ചില കാര്യങ്ങളിലേക്ക് ഞാൻ സൂചന നല്കിയിരിക്കുന്നു. ദുആയിലേക്ക് ശ്രദ്ധിക്കാൻ ഞാൻ വീണ്ടും പറയുകയാണ്. നാശത്തിലേക്കും നഷ്ടത്തിലേക്കും ലോകത്തെ കൊണ്ടുപോകാതിരിക്കാനുള്ള ബുദ്ധി അല്ലാഹു വൻശക്തികൾക്കും ഭരണകൂടങ്ങൾക്കും നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 04.12.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala